(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പുതിയ ബസ് സ്റ്റേഷനുകളും വെയിറ്റിംഗ് ഷെഡുകളും നിർമ്മിച്ചു എന്നു വെളിപ്പെടുത്തുമോ ;

(സി) ബസ് സ്റ്റാന്റുകളിൽ ടോയ്‌ലറ്റ് സൗകര്യം, കാന്റീൻ സൗകര്യം, വിശ്രമസങ്കേതങ്ങൾ എന്നിവ ഏർപ്പാടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ബസ് സ്റ്റാന്റുകളിലെ ശുചീകരണം ഉറപ്പാക്കുന്നതിനായി നടപടി സ്വീകരിക്കുമോ ?

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. ജോസ് തെറ്റയിൽ : സർ,

(എ) കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളുടെ അടിസ്ഥാന സൗകര്യ വികസനങ്ങളുടെ ഭാഗമായി യാത്രക്കാർക്കും, ജീവനക്കാർക്കും ആവശ്യമായ വിശ്രമ മുറികൾ, ഓഫീസ് ബ്ലോക്കുകൾ പ്രാഥമികാവശ്യങ്ങൾക്കുള്ള കംഫർട്ട് സ്റ്റേഷനുകൾ, ബസ് കാത്തുനിൽക്കുന്നതിനുള്ള വെയിറ്റിംഗ് ഷെഡുകൾ മുതലായവ മെച്ചപ്പെടുത്തുന്നതിനുള്ള സിവിൽ ജോലികൾ നടത്തിവരുന്നു. കൂടാതെ അടിസ്ഥാന സൗകര്യ വികസനങ്ങളുടെ ഭാഗമായി ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട്, വഴിക്കടവ് (സ്റ്റേഷൻ മാസ്റ്റർ ആഫീസുകൾ) ആര്യങ്കാവ്, വാളാൻചേരി, പിറവം, നിലമ്പൂർ, മാള, പുതുക്കാട്, മണ്ണാർക്കാട് (വെയിറ്റിംഗ് ഷെഡുകൾ) പാലക്കാട് (ഇന്റർസ്റ്റേറ്റ് ബസ് ടെർമിനൽ) എന്നിവ നിർമ്മിച്ചിട്ടുണ്ട്.

(സി) ബസ് സ്റ്റാന്റുകളിൽ ടോയ്‌ലറ്റ്, കാന്റീൻ, വിശ്രമസങ്കേതം എന്നിവ ഏർപ്പാടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നും എട്ട് കോടി രൂപ വകയിരുത്തി സ്ത്രീകൾക്കു മാത്രമായി ടോയ്‌ലറ്റ് സൗകര്യത്തോടുകൂടിയ വിശ്രമ സങ്കേതങ്ങൾ നിർമ്മിക്കുന്നുണ്ട്.

(ഡി) ബസ് സ്റ്റാന്റുകളിലെ ശുചീകരണം ഉറപ്പാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി അതാത് യൂണിറ്റ് ഓഫീസർമാർക്കു വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ജനനി സുരക്ഷാ യോജനാ പദ്ധതി

27(*237) ശ്രീ. സി. കെ. സദാശിവൻ:
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. ബി. രാഘവൻ :
ശ്രീമതി ജെ. അരുന്ധതി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; സംസ്ഥാനത്തെ ജനസംഖ്യാ വളർച്ചാനിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നവജാതശിശുക്കളുടെ സംരക്ഷണം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ;

(സി) കുട്ടികൾക്കായി തീവ്ര പരിചരണസൗകര്യങ്ങൾ കൂടുതൽ ആശുപത്രികളിൽ ഏർപ്പെടുത്തുമോ ; ജനനി സുരക്ഷാ പദ്ധതി പ്രകാരം നൽകുന്ന ആനുകൂല്യങ്ങളുടെ വിശദാംശം നൽകുമോ ;

(ഡി) കഴിഞ്ഞ വർഷം എത്ര പേർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ,

(എ) ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിലേക്കായി ആവശ്യാനുസരണം താൽക്കാലിക അടിസ്ഥാനത്തിൽ എൻ.ആർ.എച്ച്.എം. വഴി ഡോക്ടർ, മറ്റ് പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരെ നിയമിച്ച് ജനനി സുരക്ഷാ യോജനാ പദ്ധതി കേരളത്തിൽ നടപ്പിലാക്കി. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ രൂപീകരിച്ചുകൊണ്ട് കേരളത്തിലെ എല്ലാ ഗവൺമെന്റ് ആശുപത്രികളിലും ഗുണനിലവാരമുള്ള മരുന്നുകളുടെ ലഭ്യത ഉറപ്പാക്കി. ആരോഗ്യ കുടുംബക്ഷേമ പ്രവർത്തകർക്ക് വിദഗ്ദ്ധ പരിശീലനം നൽകി. മാതൃമരണ നിരക്കും ശിശുമരണ നിരക്കും കുറയ്ക്കുവാനുള്ള നടപടി സ്വീകരിച്ചു. കൗമാരപ്രായക്കാരായ കുട്ടികൾക്ക് സമഗ്രമായ ആരോഗ്യ പദ്ധതി നടപ്പിലാക്കി വരുന്നു. കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവെയ്പ് കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കി. തെരഞ്ഞെടുക്കപ്പെട്ട പ്രൈമറി ഹെൽത്ത് സെന്ററുകളിൽ 24 മണിക്കൂറും സേവനം നടപ്പിലാക്കി. സ്കൂൾ ഹെൽത്ത് പദ്ധതി നടപ്പിലാക്കി. ലാപ്രോസ്കോപ്പി, എൻ.എസ്.വി. പി.പി.എസ്. തുടങ്ങിയവ ആരോഗ്യ കുടുംബാസൂത്രണ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി. നഗര പ്രദേശങ്ങളിൽ ആരോഗ്യ പദ്ധതിയുടെ ഭാഗമായി (Urban RCH) ജെ.പി.എച്ച്.എൻ., മെഡിക്കൽ ഓഫീസർമാർ എന്നിവരെ താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചു.

സംസ്ഥാനത്തെ ജനസംഖ്യാ വളർച്ചാനിരക്ക് 2009 ഒക്ടോബറിലെ എസ്.ആർ.എസ്. ബുള്ളറ്റിൻ പ്രകാരം 8 ആണ്.

(ബി) നവജാത ശിശു സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി നവജാത ശിശു വിഭാഗം സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിൽ നവീകരിച്ചു. നവജാതശിശുക്കളുടെ സംരക്ഷണം മെച്ചപ്പെടുത്തുന്നതിനായി Warmer, Resuscitator എന്നീ മെഡിക്കൽ ഉപകരണങ്ങൾ വിവിധ ആശുപത്രികളിൽ ലഭ്യമാക്കുകയും ചലം Born Corner പ്രസവം നടക്കുന്ന എല്ലാ ആശുപത്രികളിലും സ്ഥാപിക്കുകയും ചെയ്തു. സംസ്ഥാനത്തുള്ള ശിശുരോഗ വിദഗ്ദ്ധർ, ഗൈനക്കോളജിസ്റ്റ് എന്നിവർക്ക് വിദഗ്ദ്ധ പരിശീലനം നൽകി. പ്രതിരോധ കുത്തിവെയ്പ്പുകൾ (BCG, Hep-B) Polio drops എന്നിവ നവജാതശിശുക്കൾക്ക് നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) തീവ്ര പരിചരണ സൗകര്യങ്ങൾ കൂടുതൽ ആശുപത്രികളിൽ ഏർപ്പെടുത്താവുന്നതാണ്. ജനനി സുരക്ഷാ യോജന പ്രകാരം പത്തൊൻപത് വയസ്സിനു മുകളിൽ പ്രായമുള്ള ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള സ്ത്രീകൾക്കും പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകൾക്കും (വരുമാന പരിധി ബാധകമല്ലാതെ) ആദ്യത്തെ രണ്ടു സജീവ പ്രസവങ്ങൾക്ക് താഴെപ്പറയും പ്രകാരം സാമ്പത്തിക സഹായം നൽകി വരുന്നു:

- ഗ്രാമീണ മേഖലയിലുള്ള സ്ത്രീകൾക്ക് ആശുപത്രിയിൽ നടക്കുന്ന പ്രസവത്തിന് 700 രൂപ
- നഗര പ്രദേശങ്ങളിലെ സ്ത്രീകൾക്ക് ആശുപത്രിയിൽ നടക്കുന്ന പ്രസവത്തിന് 600 രൂപ.
- വീട്ടിൽ വച്ച് നടക്കുന്ന പ്രസവങ്ങൾക്ക് 500 രൂപ
- അംഗീകൃത സ്വകാര്യ ആശുപത്രികളിൽ വച്ച് നടക്കുന്ന പ്രസവങ്ങൾക്കും മേൽപ്പറഞ്ഞ രീതിയിൽ ധനസഹായം ലഭിക്കുന്നതാണ്.

ബി.പി.എൽ. കാർഡുണ്ടായിരിക്കുകയോ, ബി.പി.എൽ. ലിസ്റ്റിൽ പേർ ഉൾപ്പെടുത്തിയിരിക്കുകയോ, ബി.പി.എൽ. ആണെന്ന് തെളിയിക്കുന്ന രേഖകളോ ഉള്ളവർക്ക് സാമ്പത്തിക സഹായം ലഭിക്കുന്നതാണ്.

(ഡി) ഈ പദ്ധതി പ്രകാരം കഴിഞ്ഞ വർഷം 1.34 ലക്ഷം സ്ത്രീകൾക്ക് സഹായം നൽകിയിട്ടുണ്ട്.

പേവിഷബാധയേറ്റവർക്ക് ചികിത്സാ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടി

28 (*238) ശ്രീ. എൻ. ശക്തൻ:
ശ്രീ. എം. എ. വാഹിദ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) പേവിഷബാധയ്ക്ക് ചികിത്സ ലഭ്യമാക്കാൻ സംസ്ഥാനത്തെ മിക്ക ജില്ലാ ആശുപത്രികളിലും ആവശ്യമായ സൗകര്യമില്ലാത്തതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇപ്പോൾ പേവിഷബാധയ്ക്ക് ചികിത്സക്കായി പ്രത്യേക ക്ലിനിക്കുകൾ പ്രവൃത്തിക്കാത്ത ഏതൊക്കെ ജില്ലാ ആശുപത്രികളാണ് സംസ്ഥാനത്തുള്ളത് എന്നറിയിക്കുമോ ;

(സി) എല്ലാ ജില്ലാ ആശുപത്രികളിലും ഇത്തരം പ്രത്യേക ക്ലിനിക്കുകൾ അടിയന്തരമായി പ്രവർത്തനസജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പേവിഷബാധിതർക്കാവശ്യമായ എല്ലാ മരുന്നുകളും സൗജന്യമായി വിതരണം ചെയ്യുന്നതിനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി(ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ)

LIBRARY ARCHIVES Kerala Legislative Assembly